പതിനഞ്ചാം കേരള നിയമസഭ

ബിൽ നമ്പർ 112

# 2022-ലെ കേരള ലോക് ആയുക്ത (ഭേദഗതി) ബിൽ

©
കേരള നിയമസഭാ സെക്രട്ടേറിയറ്റ്
2022

കേരള നിയമസഭാ പ്രിന്റിംഗ് പ്രസ്സ്.

പതിനഞ്ചാം കേരള നിയമസഭ
ബിൽ നമ്പർ 112

# 2022-ലെ കേരള ലോക് ആയുക്ത (ഭേദഗതി) ബിൽ

<u>പതിനഞ്ചാം കേരള നിയമസഭ</u>

<u>ബിൽ നമ്പർ 112</u>

# 2022-ലെ കേരള ലോക് ആയുക്ത (ഭേദഗതി) ബിൽ

1999-ലെ കേരള ലോക് ആയുക്ത ആക്റ്റ് വീണ്ടും

ഭേദഗതി ചെയ്യുന്നതിനുള്ള

ഒരു

ബിൽ

<u>പീഠിക</u>.— 1999-ലെ കേരള ലോക് ആയുക്ത ആക്റ്റ് (1999-ലെ 8) ഇതിനുശേഷം കാണുന്ന ആവശ്യങ്ങൾക്കായി വീണ്ടും ഭേദഗതി ചെയ്യുന്നത് യുക്തമായിരിക്കുകയാൽ;

ഭാരത റിപ്പബ്ലിക്കിന്റെ എഴുപത്തിമൂന്നാം സംവത്സരത്തിൽ താഴെപ്പറയും പ്രകാരം നിയമമുണ്ടാക്കുന്നു:—

1. <u>ചുരുക്കപ്പേരും പ്രാരംഭവും</u>.—(1) ഈ ആക്റ്റിന് 2022-ലെ കേരള ലോക് ആയുക്ത (ഭേദഗതി) ആക്റ്റ് എന്ന് പേര് പറയാം.

(2) ഇത് 2022 ഫെബ്രുവരി 7-ാം തീയതി പ്രാബല്യത്തിൽ വന്നതായി കരുതപ്പെടേണ്ടതാണ്.

2. <u>3-ാം വകുപ്പിന്റെ ഭേദഗതി</u>.—1999-ലെ കേരള ലോക് ആയുക്ത ആക്റ്റിലെ (1999-ലെ 8) (ഇതിനു ശേഷം പ്രധാന ആക്റ്റ് എന്നാണ് പരാമർശിക്കപ്പെടുക) 3-ാം വകുപ്പ്,—

(i) (2)-ാം ഉപവകുപ്പിൽ, "ഹൈക്കോടതി ചീഫ് ജസ്റ്റിസായോ" എന്നീ വാക്കുകൾക്കുശേഷം " ഹൈക്കോടതി ജഡ്ജിയായോ" എന്നീ വാക്കുകൾ ചേർക്കേണ്ടതാണ് ;

(ii) (3)-ാം ഉപവകുപ്പിൽ, "വഹിക്കുന്നതോ" എന്ന വാക്ക് വിട്ടുകളയേണ്ടതാണ്;

3. <u>5-ാം വകുപ്പിന്റെ ഭേദഗതി</u>.—പ്രധാന ആക്റ്റിലെ 5-ാം വകുപ്പ്, (1)-ാം ഉപവകുപ്പിൽ,—

(എ) "അഞ്ചുവർഷക്കാലത്തേക്ക്" എന്ന വാക്കിനു ശേഷം " അല്ലെങ്കിൽ അദ്ദേഹത്തിന്, എഴുപത് വയസ്സ് പൂർത്തിയാകുന്നത് വരെ, ഏതാണോ ആദ്യം അതുവരെ," എന്നീ വാക്കുകളും ചിഹ്നങ്ങളും ചേർക്കേണ്ടതാണ്;

(ബി) നിലവിലെ ക്ലിപ്തനിബന്ധനയ്ക്ക് മുൻപായി താഴെപ്പറയുന്ന ക്ലിപ്ത നിബന്ധന ചേർക്കേണ്ടതാണ്, അതായത്:—

"എന്നാൽ, 2022-ലെ കേരള ലോക് ആയുക്ത (ഭേദഗതി) ആക്റ്റ് (2022-ലെ – --- ) പ്രാബല്യത്തിൽ വരുന്നതിന് മുൻപ് നിയമിക്കപ്പെട്ട ലോക് ആയുക്തയും ഉപലോക് ആയുക്തയും, 2022-ലെ കേരള ലോക് ആയുക്ത (ഭേദഗതി) ആക്റ്റ് (2022-ലെ .....) പ്രാബല്യത്തിൽ വന്നിട്ടില്ലായിരുന്നുവെങ്കിലെന്നതുപോലെ ഈ ആക്റ്റിലെയും അതിൻ കീഴിൽ ഉണ്ടാക്കിയിട്ടുള്ള ചട്ടങ്ങളിലെയും വ്യവസ്ഥകളാൽ തുടർന്നും നിയന്ത്രിക്കപ്പെടുന്നതാണ്.";

(സി) നിലവിലെ ക്ലിപ്തനിബന്ധനയിൽ, "എന്നാൽ" എന്ന വാക്കിനു പകരം "എന്നുമാത്രമല്ല" എന്ന വാക്ക് ചേർക്കേണ്ടതാണ്;

4. <u>7-ാം വകുപ്പിന്റെ ഭേദഗതി</u>.—പ്രധാന ആക്റ്റിലെ 7-ാം വകുപ്പ്, (5)-ാം ഉപവകുപ്പിനു ശേഷം താഴെപ്പറയുന്ന ഉപവകുപ്പുകൾ ചേർക്കേണ്ടതാണ്, അതായത്:—

"(5 എ) മരണം, രാജി അല്ലെങ്കിൽ മറ്റു വിധത്തിലുള്ള കാരണത്താൽ ലോക് ആയുക്തയുടെ ഉദ്യോഗത്തിൽ ഏതെങ്കിലും ഒഴിവ് ഉണ്ടാകുന്ന സാഹചര്യത്തിൽ, ഗവർണർക്ക്, വിജ്ഞാപനം വഴി, അങ്ങനെയുള്ള ഒഴിവ് നികത്തുന്നതിന് ഒരു പുതിയ ലോക് ആയുക്തയുടെ നിയമനം വരെ ഏറ്റവും സീനിയറായ ഉപലോക് ആയുക്തയെ ലോക് ആയുക്തയായി പ്രവർത്തിക്കുന്നതിന് അധികാരപ്പെടുത്താവുന്നതാണ്.

(5 ബി) അവധി അല്ലെങ്കിൽ മറ്റുവിധത്തിലുള്ള അസാന്നിദ്ധ്യത്താൽ ലോക് ആയുക്തയ്ക്ക് അദ്ദേഹത്തിന്റെ ചുമതലകൾ നിർവ്വഹിക്കുന്നതിന് കഴിയാത്തിടത്ത്, ഗവർണർക്ക്, വിജ്ഞാപനം വഴി, ലോക് ആയുക്ത അദ്ദേഹത്തിന്റെ ചുമതലകൾ പുനരാരംഭിക്കുന്ന തീയതി വരെ ലോക് ആയുക്തയുടെ ചുമതലകൾ നിർവ്വഹിക്കുന്നതിന് ലഭ്യമായ ഏറ്റവും സീനിയറായ ഉപലോക് ആയുക്തയെ ഇതിലേക്കായി അധികാരപ്പെടുത്താവുന്നതാണ്.";

5. <u>14-ാം വകുപ്പിന്റെ ഭേദഗതി</u>.—പ്രധാന ആക്റ്റിലെ 14-ാം വകുപ്പിൽ,—

(i) (1) -ാം ഉപവകുപ്പിൽ, രണ്ടാമത്തെയും മൂന്നാമത്തെയും വാക്യങ്ങൾക്ക് പകരം താഴെപ്പറയുന്ന വാക്യങ്ങൾ ചേർക്കേണ്ടതാണ്, അതായത്:—

"കോംപീറ്റന്റ് അതോറിറ്റി ഗവർണറോ മുഖ്യമന്ത്രിയോ കേരള ഗവൺമെന്റോ ആയിരിക്കുന്നിടത്ത്, പറയുവാനുള്ളത് പറയുവാൻ ഒരു അവസരം നൽകിയതിനു ശേഷം അദ്ദേഹത്തിനോ അതിനോ ആ പ്രഖ്യാപനം സ്വീകരിക്കുകയോ നിരാകരിക്കുകയോ ചെയ്യാവുന്നതാണ്. മറ്റു സംഗതികളിൽ, കോംപീറ്റന്റ് അതോറിറ്റി അങ്ങനെയുള്ള റിപ്പോർട്ടിന്റെ ഒരു പകർപ്പ് ഗവൺമെന്റിന് അയച്ചുകൊടുക്കേണ്ടതും പറയുവാനുള്ളത് പറയുവാൻ ഒരു അവസരം നല്കിയതിനു ശേഷം, അതിന് ആ പ്രഖ്യാപനം സ്വീകരിക്കുകയോ നിരാകരിക്കുകയോ ചെയ്യാവുന്നതുമാണ്. റിപ്പോർട്ടോ റിപ്പോർട്ടിന്റെ

പകർപ്പോ, അതതുസംഗതിപോലെ, ലഭിച്ച തീയതി മുതൽ മൂന്ന് മാസക്കാലയളവിനുള്ളിൽ അത് നിരാകരിക്കപ്പെടുന്നില്ലെങ്കിൽ, പ്രസ്തുത മൂന്ന് മാസക്കാലയളവ് അവസാനിക്കുന്ന തീയതിയിൽ അത് സ്വീകരിക്കപ്പെട്ടതായി കരുതപ്പെടേണ്ടതാണ്. ";

(ii) (2)-ാം ഉപവകുപ്പിൽ, "അപ്രകാരം ചേർത്ത പ്രഖ്യാപനം സ്വീകരിക്കുന്ന പക്ഷം അപ്രകാരം സ്വീകരിച്ചതായ വസ്തുത" എന്നീ വാക്കുകൾക്ക് പകരം

"അപ്രകാരം ചെയ്ത പ്രഖ്യാപനം സ്വീകരിക്കുകയോ സ്വീകരിച്ചതായി കരുതപ്പെടുകയോ ചെയ്യുന്നുവെങ്കിൽ, അങ്ങനെ സ്വീകരിച്ചതോ സ്വീകരിച്ചതായി കരുതപ്പെടുന്നതോ ആയ വസ്തുത" എന്നീ വാക്കുകൾ ചേർക്കേണ്ടതാണ്;

6. <u>15-ാം വകുപ്പിന്റെ ഭേദഗതി.</u>—പ്രധാന ആക്റ്റിലെ 15-ാം വകുപ്പിൽ, "14-ാം വകുപ്പിൽ എന്തുതന്നെ അടങ്ങിയിരുന്നാലും" എന്നീ വാക്കുകളും അക്കങ്ങളും ചിഹ്നവും വിട്ടുകളയേണ്ടതാണ്.

7. <u>റദ്ദാക്കലും ഒഴിവാക്കലും.</u>—(1) 2022-ലെ കേരള ലോക് ആയുക്ത (ഭേദഗതി) ഓർഡിനൻസ് (2022-ലെ 8) ഇതിനാൽ റദ്ദാക്കിയിരിക്കുന്നു.

(2) അങ്ങനെ റദ്ദാക്കിയിരുന്നാൽത്തന്നെയും, പ്രസ്തുത ഓർഡിനൻസ് പ്രകാരം ഭേദഗതി ചെയ്യപ്പെട്ട പ്രധാന ആക്റ്റിൻ കീഴിൽ ചെയ്ത ഏതെങ്കിലും കാര്യമോ എടുത്ത ഏതെങ്കിലും നടപടിയോ ഈ ആക്റ്റ് പ്രകാരം ഭേദഗതി ചെയ്യപ്പെട്ട പ്രധാന ആക്റ്റിൻ കീഴിൽ ചെയ്തതായോ എടുത്തതായോ കരുതപ്പെടേണ്ടതാണ്.

## ഉദ്ദേശ്യകാരണങ്ങളുടെ വിവരണം

1999-ലെ കേരള ലോക് ആയുക്ത ആക്റ്റ് (1999-ലെ 8) ഇൻഡ്യൻ ഭരണഘടനയുടെ ഏഴാംപട്ടികയിലെ 2-ാം ലിസ്റ്റിലോ 3-ാം ലിസ്റ്റിലോ വിനിർദ്ദേശിക്കപ്പെട്ട സംഗതികളുമായി ബന്ധപ്പെട്ട് കേരള ഗവൺമെന്റോ അഥവാ അതിനു വേണ്ടിയോ അഥവാ കേരള സംസ്ഥാനത്തിലെ ചില പൊതു അതോറിറ്റികളോ അഥവാ അവയ്ക്കുവേണ്ടിയോ ചില സംഗതികളിൽ എടുത്ത ഏതെങ്കിലും നടപടിയെ സംബന്ധിച്ച് അന്വേഷണം നടത്തുന്നതിനായി ചില അതോറിറ്റികളുടെ നിയമനവും അവരുടെ കർത്തവ്യങ്ങളും സംബന്ധിച്ചും അതിനോടനുബന്ധിച്ച കാര്യങ്ങൾക്കും വേണ്ടി വ്യവസ്ഥ ചെയ്യുന്നു.

പ്രസ്തുത ആക്റ്റിലെ 3-ാം വകുപ്പ് ലോക് ആയുക്തയുടെയും ഉപലോക് ആയുക്തകളുടെയും നിയമനം വ്യവസ്ഥ ചെയ്യുന്നു. പ്രസ്തുത വകുപ്പിന്റെ (2)-ാം ഉപവകുപ്പ് പ്രകാരം ലോക് ആയുക്തയായി നിയമിക്കപ്പെടുന്ന ആൾ സുപ്രീം കോടതി ജഡ്ജിയായോ ഹൈക്കോടതി ചീഫ് ജസ്റ്റിസായോ ഉദ്യോഗം വഹിച്ചിരുന്ന ഒരാൾ ആയിരിക്കേണ്ടതാണ്.

ലോക് ആയുക്തയായി നിയമിക്കുന്നതിന് ഒരു റിട്ടയേർഡ് ഹൈക്കോടതി ജഡ്ജിയെക്കൂടി ഉൾപ്പെടുത്തിക്കൊണ്ട് പ്രസ്തുത ഉപവകുപ്പ് ഭേദഗതി ചെയ്യുവാൻ സർക്കാർ ഇപ്പോൾ തീരുമാനിച്ചു. ഉപലോക് ആയുക്തയായി നിയമിക്കപ്പെടുന്ന ആൾ ഹൈക്കോടതി ജഡ്ജിയായി ഉദ്യോഗം വഹിക്കുന്നതോ വഹിച്ചിരുന്നതോ ആയ ഒരാളായിരിക്കണം എന്ന് പ്രസ്തുത വകുപ്പിന്റെ (3)-ാം ഉപവകുപ്പ് വ്യവസ്ഥ ചെയ്യുന്നു. പ്രസ്തുത (3)-ാം ഉപവകുപ്പ് ഭേദഗതി ചെയ്തുകൊണ്ട് ഹൈക്കോടതിയിലെ ഒരു സിറ്റിംഗ് ജഡ്ജിയെ ഉപലോക് ആയുക്തയായി നിയമിക്കുന്നത് സംബന്ധിച്ച നിലവിലെ വ്യവസ്ഥ ഒഴിവാക്കുന്നതിന് തീരുമാനിച്ചു.

പ്രസ്തുത ആക്റ്റിന്റെ 5-ാം വകുപ്പ് പ്രകാരം ലോക് ആയുക്തയായോ ഉപലോക് ആയുക്തകളായോ നിയമിക്കപ്പെടുന്ന ഒരാൾ അദ്ദേഹം ഉദ്യോഗത്തിൽ പ്രവേശിക്കുന്ന തീയതി മുതൽ അഞ്ച് വർഷക്കാലത്തേക്ക് ഉദ്യോഗം വഹിക്കേണ്ടതാണ്. പ്രസ്തുത ആക്റ്റിലെ 5-ാം വകുപ്പ് ഭേദഗതി ചെയ്തുകൊണ്ട് ലോക് ആയുക്തയായും ഉപലോക് ആയുക്തയായും ഉദ്യോഗം വഹിക്കുന്നതിനുള്ള ഏറ്റവും കൂടിയ പ്രായപരിധി എഴുപത് വയസ്സായി നിജപ്പെടുത്തുന്നതിന് ഇപ്പോൾ തീരുമാനിച്ചു. കൂടാതെ നിലവിലെ ലോക് ആയുക്തയുടെയും ഉപലോക് ആയുക്തകളുടെയും ഔദ്യോഗിക കാലാവധി സംബന്ധിച്ച ഒരു വ്യവസ്ഥ കൂട്ടിച്ചേർക്കുന്നതിനും തീരുമാനിച്ചു.

ലോക് ആയുക്തയുടെ ഉദ്യോഗത്തിൽ ഏതെങ്കിലും ഒഴിവ് ഉണ്ടാകുന്ന സാഹചര്യത്തിൽ ചെയ്യേണ്ടതായ ക്രമീകരണം സംബന്ധിച്ച് പ്രസ്തുത ആക്റ്റിൽ യാതൊരു വ്യവസ്ഥയുമില്ല. അതിനാൽ ഈ ആവശ്യത്തിലേക്കായി (5എ), (5ബി) എന്നീ ഉപവകുപ്പുകളായി പുതിയ വ്യവസ്ഥകൾ പ്രസ്തുത ആക്റ്റിന്റെ 7-ാം വകുപ്പിൽ കൂട്ടിച്ചേർക്കുന്നതിന് തീരുമാനിച്ചു.

പ്രസ്തുത ആക്റ്റിന്റെ 12-ാം വകുപ്പ് (3)-ാം ഉപവകുപ്പ് പ്രകാരമുള്ള പ്രഖ്യാപനം കോംപീറ്റന്റ് അതോറിറ്റി സ്വീകരിക്കേണ്ടതാണ് എന്ന് പ്രസ്തുത ആക്റ്റിന്റെ 14-ാം വകുപ്പ് (1)-ാം ഉപവകുപ്പ് നിഷ്കർഷിക്കുന്നു. 14-ാം വകുപ്പ് ഭേദഗതി ചെയ്തുകൊണ്ട് പ്രഖ്യാപനം നിരാകരിക്കുന്നതിനുള്ള അധികാരം കൂടി നല്കിക്കൊണ്ട് കോംപീറ്റന്റ് അതോറിറ്റിയെ അധികാരപ്പെടുത്തുന്നതിനും അനന്തരഫലമായി 15-ാം വകുപ്പ് ഭേദഗതി ചെയ്യുന്നതിനും സർക്കാർ ഇപ്പോൾ തീരുമാനിച്ചു.

കേരള സംസ്ഥാന നിയമസഭ സമ്മേളനത്തിലല്ലാത്തതിനാലും മേൽപ്പറഞ്ഞ നിർദ്ദേശങ്ങൾക്ക് ഉടൻ പ്രാബല്യം നൽകേണ്ടിയിരുന്നതിനാലും 2022-ലെ കേരള ലോക് ആയുക്ത (ഭേദഗതി) ഓർഡിനൻസ്, 2022 ഫെബ്രുവരി 7-ാം തീയതി കേരള ഗവർണർ

വിളംബരപ്പെടുത്തുകയും ആയത് 2022-ലെ 3-ാം നമ്പർ ഓർഡിനൻസായി 2022 ഫെബ്രുവരി 7-ാം തീയതിയിലെ 429-ാം നമ്പറായി കേരള അസാധാരണ ഗസറ്റിൽ പ്രസിദ്ധപ്പെടുത്തുകയും ചെയ്തു.

പ്രസ്തുത ഓർഡിനൻസിന് പകരം സംസ്ഥാന നിയമസഭയുടെ ഒരു ആക്റ്റ് കൊണ്ടുവരുന്നതിനുള്ള ഒരു ബിൽ പതിനഞ്ചാം കേരള നിയമസഭയുടെ 2022 ഫെബ്രുവരി 18-ാം തീയതി ആരംഭിച്ച് 2022 മാർച്ച് 18-ാം തീയതി അവസാനിച്ച സമ്മേളനകാലത്ത് അവതരിപ്പിക്കുവാനും പാസ്സാക്കുവാനും കഴിഞ്ഞിരുന്നില്ല.

പ്രസ്തുത ഓർഡിനൻസിലെ വ്യവസ്ഥകൾ നിലനിർത്തേണ്ടിയിരുന്നതിനാൽ 2022-ലെ കേരള ലോക് ആയുക്ത (ഭേദഗതി) ഓർഡിനൻസ് 2022 മാർച്ച് 31-ാം തീയതി കേരള ഗവർണർ വിളംബരപ്പെടുത്തുകയും ആയത് 2022-ലെ 8-ാം നമ്പർ ഓർഡിനൻസായി 2022 മാർച്ച് 31-ാം തീയതിയിലെ 1093 -ാം നമ്പറായി കേരള അസാധാരണ ഗസറ്റിൽ പ്രസിദ്ധപ്പെടുത്തുകയും ചെയ്തു.

2022-ലെ 8-ാം നമ്പർ ഓർഡിനൻസിന് പകരം സംസ്ഥാന നിയമസഭയുടെ ഒരു ആക്റ്റ് കൊണ്ടുവരുന്നതിന് ഉദ്ദേശിച്ചുകൊണ്ടുള്ളതാണ് ഈ ബിൽ.

## ധനകാര്യമെമ്മോറാണ്ടം

ഈ ബിൽ നിയമമാക്കുകയും പ്രാബല്യത്തിൽ കൊണ്ടുവരികയും ചെയ്താൽ സംസ്ഥാന സഞ്ചിതനിധിയിൽ നിന്നും യാതൊരു അധിക ചെലവും ഉണ്ടാകുന്നതല്ല.

**പിണറായി വിജയൻ**

(ശരിത്തർജ്ജമ)

## 1999-ലെ കേരള ലോക് ആയുക്ത ആക്റ്റിൽ നിന്നുള്ള പ്രസക്ത ഭാഗങ്ങൾ
## (1999-ലെ 8-ാം നമ്പർ ആക്റ്റ്)

*** *** *** *** ***

3. ലോക് ആയുക്തയുടെയും ഉപലോക് ആയുക്തകളുടേയും നിയമനം.-(1) ******
*** *** *** ***

(2) ലോക് ആയുക്തയായി നിയമിക്കപ്പെടുന്ന ആൾ സുപ്രീം കോടതി ജഡ്ജിയായോ ഹൈക്കോടതി ചീഫ് ജസ്റ്റീസായോ ഉദ്യോഗം വഹിച്ചിരുന്ന ഒരാൾ ആയിരിക്കേണ്ടതും സംസ്ഥാന നിയസഭാ സ്പീക്കറുമായും സംസ്ഥാന നിയമസഭയിലെ പ്രതിപക്ഷ നേതാവുമായും കൂടിയാലോചിച്ച് മുഖ്യമന്ത്രി നൽകുന്ന ഉപദേശത്തിൻമേൽ നിയമിക്കേണ്ടതുമാണ്.

(3) ഉപലോക് ആയുക്തയായി നിയമിക്കപ്പെടുന്ന ആൾ ഹൈക്കോടതി ജഡ്ജിയായി ഉദ്യോഗം വഹിക്കുന്നതോ വഹിച്ചിരുന്നതോ ആയ ഒരാളായിരിക്കേണ്ടതും സംസ്ഥാന നിയമസഭയുടെ സ്പീക്കറുമായും സംസ്ഥാന നിയമസഭയിലെ പ്രതിപക്ഷ നേതാവുമായും കൂടിയാലോചിച്ച് മുഖ്യമന്ത്രി നൽകുന്ന ഉപദേശത്തിൻമേൽ നിയമിക്കേണ്ടതുമാണ്.

എന്നാൽ, ഒരു സിറ്റിംഗ് ജഡ്ജിയെ ഉപലോക് ആയുക്തയായി നിയമിക്കുകയാണെങ്കിൽ ബന്ധപ്പെട്ട ഹൈക്കോടതിയുടെ ചീഫ് ജസ്റ്റീസുമായി കൂടിയാലോചിക്കേണ്ടതാണ്.

*** *** *** *** ***

5. ലോക് ആയുക്തയുടെയും ഉപലോക് ആയുക്തയുടെയും ഔദ്യോഗിക കാലാവധിയും മറ്റു സേവന വ്യവസ്ഥകളും.—(1) ലോക് ആയുക്തയായോ ഉപലോക് ആയുക്തയായോ നിയമിക്കപ്പെടുന്ന ഒരാൾ താൻ ഉദ്യോഗത്തിൽ പ്രവേശിക്കുന്ന തീയതി മുതൽ അഞ്ചു വർഷക്കാലത്തേക്ക് ഉദ്യോഗം വഹിക്കേണ്ടത് ആണ്;

എന്നാൽ-

(എ) ലോക് ആയുക്തക്കോ ഉപലോക് ആയുക്തക്കോ ഗവർണർക്ക് സംബോധന ചെയ്ത് സ്വയം എഴുതിയതും മുദ്രയുമായി ഔദ്യോഗിക സ്ഥാനം രാജിവയ്ക്കാവുന്നതാണ്.

(ബി) ലോക് ആയുക്തയേയൊ ഉപലോക് ആയുക്തയേയൊ 6-ാം വകുപ്പിൽ വ്യവസ്ഥ ചെയ്തിട്ടുള്ള രീതിയിൽ തന്റെ ഔദ്യോഗിക സ്ഥാനത്തു നിന്നും നീക്കം ചെയ്യാവുന്നതാണ്.

*** *** *** *** ***

7. <u>ലോക് ആയുക്തയ്ക്കും ഉപലോക് ആയുക്തമാർക്കും അന്വേഷണം നടത്താവുന്ന സംഗതികൾ</u>.—(1) *** *** *** ***

*** *** *** *** ***

(5) (1) മുതൽ (4) വരെ ഉപവകുപ്പുകളിൽ എന്തുതന്നെ അടങ്ങിയിരുന്നാലും ഒരു ഉപലോക് ആയുക്തയ്ക്ക് തന്റെ ചുമതലകൾ അസാന്നിദ്ധ്യമോ അസുഖമോ മറ്റേതെങ്കിലുമോ കാരണത്താൽ നിർവഹിക്കാൻ കഴിയാതെ വന്നാൽ, അദ്ദേഹത്തിന്റെ ചുമതലകൾ മറ്റേ ഉപലോക് ആയുക്തയ്ക്കോ രണ്ടുപേരുടെയും അഭാവത്തിൽ ലോക് ആയുക്തയ്ക്കോ നിർവഹിക്കാവുന്നതാണ്.

*** *** *** *** ***

14. <u>ലോക് ആയുക്ത മുതലായവ നിർദ്ദേശിക്കുന്ന പക്ഷം പബ്ലിക് സെർവന്റ് സ്ഥാനം ഒഴിയേണ്ടതാണെന്ന്</u>.— (1) ഒരു പരാതിയിൻമേലുള്ള അന്വേഷണത്തിനുശേഷം, പബ്ലിക് സെർവന്റിന് എതിരായുള്ള ആരോപണം ഉൾപ്പെടുന്ന പരാതി തെളിയിക്കപ്പെട്ടിട്ടുണ്ടെന്നും ബന്ധപ്പെട്ട ആ പബ്ലിക് സെർവന്റ് താൻ വഹിക്കുന്ന സ്ഥാനം തുടർന്ന് വഹിക്കാൻ പാടില്ലെന്നും, അതതു സംഗതിപോലെ, ലോക് ആയുക്തയ്ക്കോ ഉപലോക് ആയുക്തയ്ക്കോ ബോദ്ധ്യമാകുന്ന പക്ഷം, അത്തരത്തിൽ ഒരു പ്രഖ്യാപനം 12-ാം വകുപ്പ് (3)-ാം ഉപവകുപ്പ് പ്രകാരമുള്ള അതിന്റെ റിപ്പോർട്ടിൽ ലോക് ആയുക്തയോ ഉപലോക് ആയുക്തയോ ചേർക്കേണ്ടതാണ്. കോംപീറ്റന്റ് അതോറിറ്റി ഗവർണ്ണറോ, കേരള ഗവൺമെന്റോ, മുഖ്യമന്ത്രിയോ ആയിരിക്കുന്നിടത്ത് അദ്ദേഹമോ അതോ ആ പ്രഖ്യാപനം സ്വീകരിക്കേണ്ടതാണ്. മറ്റു സംഗതികളിൽ ബന്ധപ്പെട്ട കോംപിറ്റന്റ് അതോറിറ്റി അപ്രകാരമുള്ള റിപ്പോർട്ടിന്റെ ഒരു പകർപ്പ് ഗവൺമെന്റിന് അയച്ചുകൊടുക്കേണ്ടതും ഗവൺമെന്റ് ആ പ്രഖ്യാപനം സ്വീകരിക്കേണ്ടതുമാണ്.

(2) അപ്രകാരം ചേർത്ത പ്രഖ്യാപനം സ്വീകരിക്കുന്നപക്ഷം അപ്രകാരം സ്വീകരിച്ചതായ വസ്തുത ഉടൻതന്നെ, ഗവർണർ, സംസ്ഥാന ഗവൺമെന്റ്, അഥവാ മുഖ്യമന്ത്രി എന്നിവരിലാരെങ്കിലും ആണ് കോംപീറ്റന്റ് അതോറിറ്റിയെങ്കിൽ, ആ കോംപീറ്റന്റ് അതോറിറ്റിയേയും മറ്റ് ഏതെങ്കിലും സംഗതികളിൽ സംസ്ഥാന ഗവൺമെന്റിനേയും, രജിസ്റ്റേഡ് തപാലിൽ അറിയിക്കേണ്ടതും, അപ്പോൾ ഏതെങ്കിലും നിയമത്തിലോ ഉത്തരവിലോ വിജ്ഞാപനത്തിലോ അല്ലെങ്കിൽ നിയമനം സംബന്ധിച്ച കരാറിലോ എന്തുതന്നെ അടങ്ങിയിരുന്നാലും, പ്രഖ്യാപനം സ്വീകരിച്ചതായോ സ്വീകരിക്കപ്പെട്ടതായി കരുതുന്നതായോ അറിയിച്ചുകൊണ്ടുള്ള തീയതി മുതൽ പ്രാബല്യത്തോടെ ബന്ധപ്പെട്ട പബ്ലിക് സെർവെന്റ്:-

*** *** *** *** ***

15. <u>പ്രോസിക്യൂഷന്റെ ആരംഭം</u>.- 14-ാം വകുപ്പിൽ എന്തുതന്നെ അടങ്ങിയിരുന്നാലും ഏതെങ്കിലും പരാതിയിൻമേലുള്ള അന്വേഷണത്തിനുശേഷം, ലോക് ആയുക്തയ്ക്കോ ഉപലോക് ആയുക്തയ്ക്കോ, ഒരു പബ്ലിക് സെർവെന്റ് ഏതെങ്കിലും ക്രിമിനൽ കുറ്റം ചെയ്തതായും അപ്രകാരമുള്ള കുറ്റത്തിന് കോടതിയിൽ അയാൾ വിചാരണ ചെയ്യപ്പെടേണ്ടതാണെന്ന് ബോദ്ധ്യപ്പെടുകയും ചെയ്യുന്നപക്ഷം, ഏതെങ്കിലും അധികാരസ്ഥന്റെ മുൻകൂട്ടിയുള്ള അനുവാദം ആവശ്യമില്ലാത്ത സംഗതിയിൽ അത്തരത്തിൽ ഒരു ഉത്തരവ് പാസ്സാക്കാവുന്നതും, ബന്ധപ്പെട്ട പബ്ലിക് സെർവെന്റിനെതിരെ പ്രോസിക്യൂഷൻ നടപടികൾ ആരംഭിക്കാവുന്നതും അപ്രകാരം പ്രോസിക്യൂട്ട് ചെയ്യുന്നതിന് ഏതെങ്കിലും അധികാരസ്ഥന്റെ മുൻകൂട്ടിയുള്ള അനുമതി ആവശ്യമുള്ളപക്ഷം തക്കതായ അധികാരസ്ഥന്റെ അനുമതിയോടുകൂടിയും അപ്രകാരം ചെയ്യാവുന്നതാണ്.

*** *** *** *** ***